# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1498** | **11/06/2019 ൽ മറുപടിക്ക്**

## സ്വകാര്യ കശുവണ്ടി ഫാക്ടറികൾ

| | ചോദ്യം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ഉത്തരം<br>ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | അടഞ്ഞുകിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | അടഞ്ഞു കിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക് ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ സർക്കാർ നിരന്തര നടപടികൾ സ്വീകരിച്ചുവരുന്നു. ആകെ 864 ഫാക്ടറികളിൽ 432 എണ്ണം തുറന്നു പ്രവർത്തിച്ചിട്ടുണ്ട്. എന്നാൽ കടക്കെണിമൂലം അടച്ചിടേണ്ടിവന്ന സ്വകാര്യ കശുവണ്ടി വ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി പുനരുദ്ധാരണപാക്കേജ് വിലയിരുത്തി ശുപാർശ സമർപ്പിക്കാൻ നിശ്ചയിക്കപ്പെട്ട എസ്.എൽ.ബി.സി, ബന്ധപ്പെട്ട ബാങ്ക്, സർക്കാർ പ്രതിനിധി എന്നവരടങ്ങിയ മൂന്നംഗ കമ്മിറ്റി വ്യവസായങ്ങളെ കേൾക്കുകയും അതിന്റെയടിസ്ഥാനത്തിൽ അധിക വായ്പ നൽകിയാൽ പുനരുദ്ധരിക്കാൻ കഴിയാവുന്നയേയും വായ്പ പുനക്രമീകരിച്ച് പുനരുദ്ധിരക്കാൻ കഴിയാവുന്നവയേയും ഒറ്റത്തവണതീർപ്പാക്കൽ മാത്രം പരിഹാരമായിട്ടുള്ളവയേയും കണ്ടെത്തിയിട്ടുണ്ട്. കൂടാതെ അസറ്റ് റീസ്ട്രക്ച്ചറിംഗ് കമ്മിറ്റിക്ക് കൈമാറിയ വ്യവസായങ്ങളേയും കണ്ടെത്തിയിട്ടുണ്ട്. ഇതിൽപ്പെട്ട 30 ലധികം വ്യവസായങ്ങൾക്ക് വായ്പ അനുവദിച്ചുകൊണ്ടുള്ള അനുമതിപത്രങ്ങൾ ബാങ്കുകൾ നൽകുകയും നടപടികൾ സ്വീകരിച്ചുവരികയുമാണ്. |
| (ബി) | എങ്കിൽ അടഞ്ഞുകിടന്ന എത്ര സ്വകാര്യ ഫാക്ടറികൾ ഈ സർക്കാർ നിലവിൽ വന്ന ശേഷം തുറക്കുവാൻ സാധിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | | |
| (സി) | പ്രസ്തുത സ്വകാര്യ മാനേജുമെന്റുകൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് സർക്കാർ തലത്തിൽ അനുവദിച്ച് നൽകിയതെന്ന് അറിയിക്കാമോ? | (സി) | സ്വകാര്യ വ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ എസ്.എൽ.ബി.സിയുടേയും മറ്റ് ധനകാര്യ സ്ഥാപനങ്ങളുടേയും വ്യവസായികളുടേയും സർക്കാർ ഉദ്യോഗസ്ഥരുടേയും |

യോഗത്തിലെടുത്ത തീരുമാനങ്ങൾ.

1. സ്വകാര്യ വ്യവസായികളുടെ നിലവിലുള്ള വായ്പ പുനഃക്രമീകരിക്കുന്നതിന് പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കും.
2. കശുവണ്ടി വ്യവസായത്തിലെ വായ്പയുടെ പലിശ എല്ലാ ബാങ്കുകളും ഏകീകരിച്ച 9 % ആയി നിശ്ചയിക്കും.
3. പിഴ പ്പലിശ ഒഴിവാക്കി നിശ്ചയിക്കുന്ന വായ്പ പുനഃക്രമീകരിച്ച് ദീർഘകാല വായ്പയാക്കി ഗഡുക്കളാക്കി നിശ്ചയിക്കും.
4. പ്രവർത്തന മൂലധനത്തിനായി ബാങ്കുകൾ നൽകുന്ന പുതിയ വായ്പയുടെ പലിശ ഒരു വർഷത്തേക്ക് ഗവൺമെന്റ് ഏറ്റെടുക്കും.
5. പാക്കേജിൽ പെട്ട വ്യവസായികളുടെ സംസ്ഥാന സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട നികുതി ബാധ്യതയ്ക്ക് ഒരു വർഷത്തേക്ക് മോറട്ടോറിയം പ്രഖ്യാപിക്കും.
6. സർക്കാർ നിശ്ചയിച്ച കമ്മിറ്റി മുഖാന്തിരം പുനരുദ്ധാരണം പ്രപ്പോസൽ സമർപ്പിക്കാൻ വിട്ടുപോയ വ്യവസായികൾക്ക് ഒരവസരം കൂടി നൽകും. അതിന് ഒരാഴ്ച്ചത്തെ സമയം അനുവദിച്ചു.
7. കേന്ദ്ര നികുതികളിന്മേൽ ഇളവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി കേന്ദ്ര സർക്കാരിന് കത്ത് അയയ്ക്കും.
8. കേരളാ കാഷ്യൂ ബോർഡ് വ്യവസായത്തിനാവശ്യമായ തോട്ടണ്ടി എസ്ക്രൂ അക്കൗണ്ട് അടിസ്ഥാനത്തിൽ ലഭ്യമാക്കും.
9. ആസ്തി പുനരുദ്ധാരണ കമ്മിറ്റിക്ക് കൈമാറിയ വ്യവസായങ്ങളുടെ കാര്യത്തിൽ ബാങ്കുകൾ പുനഃപരിശോധന നടത്തണമെന്ന് മുഖ്യമന്ത്രി അറിയിച്ചു.
10. ഒറ്റത്തവണത്തീർപ്പാക്കാൻ നിശ്ചയിച്ച 58 ഫാക്ടറികൾ പരമാവധി പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കും.

(ഒപ്പ്)

സെക്ഷൻ ഓഫീസർ